## മനുഷ്യനെ സൃഷ്ടിച്ചതിലുള്ള ദൈവത്തിന്റെ ഉദ്ദേശ്യം

**I.മനുഷ്യനെ സൃഷ്ടിച്ചതിലുള്ള ദൈവത്തിന്റെ ഉദ്ദേശ്യം, അവനെ ആവിഷ്ക രിക്കാനും അവനെ പ്രതിനിധീകരിക്കാനും ഒരു സംഘാത മനുഷ്യനെ സൃഷ്ടിക്കുക എന്നതായിരുന്നു**

1 ഉല്പ 1:26 അനന്തരം ദൈവം: നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക; അവർ സമുദ്രത്തിലുള്ള മത്സ്യത്തി ന്മേലും ആകാശത്തിലുള്ള പറവജാതിയിന്മേലും മൃഗങ്ങളിന്മേലും സർവ്വഭൂമിയിന്മേലും ഭൂമിയിൽ ഇഴയുന്ന എല്ലാ ഇഴജാതിയിന്മേലും വാഴട്ടെ എന്നു കല്പിച്ചു.

കൊലൊ 3:10 തന്നെ സൃഷ്ടിച്ചവന്റെ സ്വരൂപപ്രകാരം പൂർണ പരിജ്ഞാനത്തി ങ്കലേക്ക് പുതുക്കപ്പെടുന്ന, പുതുമനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലോ.

- മനുഷ്യൻ തന്റെ ശത്രുവിനോട് ഇടപെടുവാൻ ദൈവത്തെ പ്രതിനിധീ കരിക്കേണ്ടതിന് തന്റെ ആവിഷ്കാര ത്തിനായി ദൈവം മനുഷ്യനെ തന്റെ സ്വരൂപത്തിൽ സൃഷ്ടിക്കുകയും മനുഷ്യന് തന്റെ ആധിപത്യം നൽകുകയും ചെയ്തു
- പുതിയ സൃഷ്ടിയിലെ പുതുമനുഷ്യനെന്ന നിലയിൽ സഭ ദൈവത്തിന്റെ ആവിഷ്കാരത്തിനായി ദൈവത്തിന്റെ സ്വരൂപം വഹിക്കുകയും ദൈവരാജ്യ ത്തിനുവേണ്ടി ദൈവത്തിന്റെ ശത്രുവിനെതിരെ പോരാടുകയും ചെയ്യുന്നു
- പഴയ മനുഷ്യനിൽ ഭിന്നിക്കപ്പെട്ടതും ചിതറപ്പെട്ടതുമായ കാര്യങ്ങൾ പുതുമനുഷ്യനിൽ പ്രത്യുദ്ധരിക്കപ്പെടുന്നു

## ഏക പുതു മനുഷ്യന്റെ സ്രഷ്ടാവ്

**II. ദൈവത്തിന്റെ ഉൽകൃഷ്ടസൃഷ്ടിയായ കവിത എന്ന നിലയിൽ പുതുമനുഷ്യൻ ക്രിസ്തുവിന്റെ മരണത്തിലൂടെയും അവന്റെ പുനരുത്ഥാനത്തിലുമാണ് സൃഷ്ടിക്കപ്പെട്ടത്**

എഫെ 2:15 വേർപാടിന്റെ നടുച്ചുവർ എന്ന ശത്രുത്വത്തെ ഇടിച്ചുകളഞ്ഞു, അത് അവനിൽത്തന്നെ ഇരുകൂട്ടരെയും ഏക പുതുമനുഷ്യനാക്കി അവൻ സൃഷ്ടിക്കേണ്ടതിനും, അങ്ങനെ സമാധാനം ഉണ്ടാക്കി.

- പ്രതിലോമ വശത്ത് "തന്റെ ജഡത്തിൽ" ക്രിസ്തു പ്രപഞ്ചത്തിലെ എല്ലാ പ്രതിലോമ കാര്യങ്ങളെയും അവസാനിപ്പിച്ചു
- അനുലോമ വശത്ത് മണ്ഡലവും മൂലകവും സാരാംശവും എന്ന നിലയിൽ "അവനിൽത്തന്നെ" ക്രിസ്തു യെഹൂദന്മാരെയും ജാതികളെയും ഏക പുതുമനുഷ്യനായി സൃഷ്ടിച്ചു
- പുതുമനുഷ്യന്റെ സൃഷ്ടിയിൽ, ഒന്നാമതായി നമ്മുടെ സ്വാഭാവിക മനുഷ്യൻ ക്രിസ്തുവിനാൽ ക്രൂശിക്കപ്പെടുകയും, തുടർന്ന് നമ്മെ പ്രപഞ്ചത്തിലെ തികച്ചും പുതുതായ ഒരു കാര്യമായ, ദൈവത്തിന്റെ ഒരു പുതിയ കണ്ടുപിടുത്തമായ, ദൈവവേലയുടെ ഉൽകൃഷ്ടസൃഷ്ടിയായിത്തീരുവാൻ നമ്മെ ഇടയാക്കുന്നതിന്, പഴയ മനുഷ്യനെ നീക്കം ചെയ്തതിലൂടെ ക്രിസ്തു നമ്മിലേക്ക് ദിവ്യ മൂലകം പകർന്നു

**III. വേർപാടിന്റെ നടുച്ചുവർ എന്ന ചട്ടങ്ങളിലുള്ള കൽപനകളെ തന്റെ ജഡത്തിൽ നീക്കിക്കളഞ്ഞുകൊണ്ട്, ക്രിസ്തു ക്രൂശിൽ അവനിൽത്തന്നെ പുതുമനുഷ്യനെ സൃഷ്ടിച്ചു**

എഫെ 2:14 അവൻ തന്നെ നമ്മുടെ സമാധാനം, അവൻ ഇരുകൂട്ടരെയും ഒന്നാക്കി, ചട്ടങ്ങളിലുള്ള കൽപനകളുടെ ന്യായപ്രമാണത്തെ തന്റെ ജഡത്തിൽ നീക്കിക്കളഞ്ഞുകൊണ്ട്.

എഫെ 2:16 ക്രൂശിനാൽ ശത്രുത്വത്തെ ഇല്ലാതാക്കിയിട്ട്, അതിലൂടെ ഇരുകൂട്ടരെയും ഏകശരീരത്തിൽ ദൈവത്തോട് നിരപ്പിക്കേണ്ടതിനും ആകുന്നു.

- വാക്യം 14-ൽ പറഞ്ഞിരിക്കുന്ന ന്യായപ്രമാണം ധാർമിക കൽപ്പനകളുടെ ന്യായപ്രമാണമല്ല, പിന്നെയോ പരിച്ഛേദന, ശബ്ബത്ത് ആചരണം, ചില ഭക്ഷണം കഴിക്കുക തുടങ്ങിയ ചട്ടങ്ങളുടെ ആചാരപരമായ കൽപ്പനകളുടെ ന്യായപ്രമാണമാണ്
- ചട്ടങ്ങൾ എന്നത് ശത്രുത്വവും ഭിന്നതയും സൃഷ്ടിക്കുന്ന ജീവിതത്തിന്റെയും ആരാധനയുടെയും രീതികൾ അഥവാ വിധങ്ങൾ ആണ്

## ഏക പുതുമനുഷ്യന്റെ തീർപ്പുകൽപ്പിക്കുന്നവനും ഘടകാംശവുമെന്ന നിലയിൽ ക്രിസ്തു

**IV. ഏക പുതുമനുഷ്യനുവേണ്ടിയും ഏക പുതുമനുഷ്യനിലും, ക്രിസ്തുവിന്റെ സമാധാനം നമ്മുടെ ഹൃദയങ്ങളിൽ തീർപ്പുകൽപ്പിക്കുവാൻ നാം അനുവദിക്കണം**

കൊലൊ 3:15 ക്രിസ്തുവിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളിൽ തീർപ്പുകൽപ്പിക്കട്ടെ, അതിലേക്കല്ലോ നിങ്ങളെ ഏക ശരീരത്തിൽ വിളിച്ചത്; നന്ദിയുള്ളവരായും ഇരിക്കുവിൻ.

- തീർപ്പുകൽപ്പിക്കുക എന്നതിനുള്ള യവന പദത്തെ "വിധികർത്താവ്, അധ്യക്ഷം വഹിക്കുന്നവൻ, അഥവാ സകലത്തിന്റെയും ഭരണാധികാരിയും നിർണേതാവുമായി സിംഹാസനസ്ഥനാക്കപ്പെട്ടവൻ" എന്നും വിവർത്തനം ചെയ്യാവുന്നതാണ്. നമ്മുടെ ഹൃദയങ്ങളിലുള്ള ക്രിസ്തുവിന്റെ തീർപ്പുകൽപ്പിക്കുന്ന സമാധാനം ഒരുവനെ തിരെയുള്ള നമ്മുടെ പരാതിയെ ഇല്ലാതാക്കിക്കളയുന്നു
- ക്രിസ്തുവിന്റെ സമാധാനം നമ്മുടെ ഹൃദയങ്ങളിൽ തീർപ്പുകൽപ്പിക്കുവാൻ അനുവദിക്കുകയാണെങ്കിൽ, ഈ സമാധാനം നമുക്കിടയിലുള്ള എല്ലാ തർക്കങ്ങളും പരിഹരിക്കും; നമുക്ക് ദൈവവുമായി ലംബമായും വിശുദ്ധ ന്മാരുമായി തിരശ്ചീനമായും സമാധാനമുണ്ടായിരിക്കും
- ഈ സമാധാനം എല്ലാ വിശ്വാസികളെയും ഒരുമിച്ചു ബന്ധിപ്പിക്കുകയും ഏകീകരണ ബന്ധമായിത്തീരുകയും വേണം

**V. ഏക പുതുമനുഷ്യനിൽ ക്രിസ്തു എല്ലാ അവയവങ്ങളുമാണ് എല്ലാ അവയവങ്ങളിലും ഉണ്ട്**

കൊലൊ 3:11 ...ക്രിസ്തുവത്രേ എല്ലാവരും ആകുന്നു, എല്ലാവരിലും ആകുന്നു.

- നമ്മിൽ വസിക്കുന്ന ക്രിസ്തു ഏക പുതുമനുഷ്യന്റെ ഘടകാംശമാണ്
- ക്രിസ്തുവിന്റെ ശരീരം എന്ന നിലയിൽ, സഭയ്ക്ക് ക്രിസ്തുവിനെ അതിന്റെ ജീവനായി ആവശ്യമുണ്ട്; ഒരു പുതിയ മനുഷ്യൻ എന്ന നിലയിൽ, സഭയ്ക്ക് ക്രിസ്തുവിനെ അതിന്റെ വ്യക്തിയായി ആവശ്യമുണ്ട്
- ഒരു മനസ്സോടെ ഒരു വായ് കൊണ്ട് നമ്മൾ അനേകരാണെങ്കിലും എല്ലാവരും നമ്മൾ എല്ലാവരും ഒരേ കാര്യം സംസാരിക്കണം